**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4341** **18-07-2022 - ൽ മറുപടിയ്ക്ക്**

**അഗ്രിക്കൾച്ചറൽ ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് സ്കീം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി) | |
| (എ) | അഗ്രിക്കൾച്ചറൽ ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് സ്കീം പ്രകാരം സഹകരണ സംഘങ്ങൾക്ക് നടപ്പിലാക്കാൻ സാധിക്കുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | സൂക്ഷ്മ കൃഷിക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ, ജൈവ ഉത്തേജന ഉല്പാദന യൂണിറ്റ് (വിത്തുല്പാദനം, ടിഷ്യുകൾച്ചർ നേഴ്സറി), ജൈവവള ഉല്പാദനം, വിതരണ ശൃംഖലകളുടെ അടിസ്ഥാന സൗകര്യം, പാക്ക്ഹൗസ്, കാർഷിക പ്രാഥമിക പ്രവർത്തനങ്ങൾ (വൃത്തിയാക്കൽ, ഉണക്കൽ, തരംതിരിക്കൽ, ഗുണനിലവാരം അനുസരിച്ച് തരംതിരിക്കൽ) സംഭരണ കേന്ദ്രങ്ങൾ (വെയർഹൗസ്, സിലോസ്, കോൾഡ് സ്റ്റോറേജ്), ഇ-മാർക്കറ്റിംഗ് സൗകര്യമുള്ള വിതരണ ശൃംഖല, യോഗ്യതയുള്ള ഇൻഫ്രാസ്ട്രക്ചർ പ്രൊജക്ടുകളിൽ സോളാർ പാനൽ നിർമ്മാണം, റൈസ് & ഫ്ലോർ മിൽ, ഓയിൽ മിൽ, സുഗന്ധവ്യഞ്ജനങ്ങൾ പൊടിക്കുന്നത്, ശർക്കര/ പഞ്ചസാര സംസ്കരണം തുടങ്ങിയവയാണ് യോഗ്യമായ പദ്ധതികൾ.<br><br>വൃത്തിയാക്കൽ, കല്ല് നീക്കം ചെയ്യൽ, ഗുണനിലവാരം അനുസരിച്ച് തരംതിരിക്കുക, പ്രാഥമിക സംസ്കരണത്തിനായി തോടുനീക്കുക, വാക്സിംഗ്, കണ്ടീഷനിംഗ്, പൊടിക്കൽ, കുതിർക്കൽ, പതംവരുത്തൽ, അരിച്ചെടുക്കൽ, ഉണക്കൽ, ഇ-റേഡിയേഷൻ, എണ്ണ, ഉല്പാദന ഉപകരണങ്ങൾ, ബാഷ്പീകരണ യന്ത്രങ്ങൾ, സെൻട്രിഫ്യൂഗേഷൻ ചെയ്യുന്നതിനുള്ള യന്ത്രങ്ങൾ, ഉണക്കാനുള്ള യന്ത്രങ്ങൾ, പാക്കേജിംഗ്, സംഭരണ ടാങ്കുകൾ മുതലായ അനുബന്ധ പ്രവർത്തനങ്ങളും ഈ പദ്ധതിയുടെ പരിധിയിൽ വരുന്നുണ്ട്. |
| (ബി) | കോഴിക്കോട് ജില്ലയിലെ ഏതൊക്കെ പ്രൈമറി അഗ്രികൾച്ചറൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്കാണ് പ്രസ്തുത സ്കീം പ്രകാരം ലോൺ അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | (ബി) | കോഴിക്കോട് ജില്ലയിലെ ചുവടെ ചേർക്കുന്ന പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്ക് പ്രസ്തുത സ്കീം പ്രകാരം ലോൺ അനുവദിച്ചിട്ടുണ്ട്.<br><br>1. ഏറാമല സർവീസ് സഹകരണ ബാങ്ക് |

| | | | |
|---|---|---|---|
| | | | 2. കൊടിയത്തൂർ സർവീസ് സഹകരണ ബാങ്ക്<br>3. പെരുമണ്ണ സർവീസ് സഹകരണ ബാങ്ക്<br>4. തിരുവമ്പാടി സർവീസ് സഹകരണ ബാങ്ക്<br>5. കക്കൂർ സർവീസ് സഹകരണ ബാങ്ക്<br>6. കാവന്നൂർ സർവീസ് സഹകരണ ബാങ്ക്<br>7. കട്ടിപ്പാറ സർവീസ് സഹകരണ ബാങ്ക്<br>8. ചെറുവണ്ണൂർ സർവീസ് സഹകരണ ബാങ്ക് |
| (സി) | പ്രസ്തുത സ്കീം പ്രയോജനപ്പെടുത്തുന്നതിന് സഹകരണ സ്ഥാപനങ്ങൾക്ക് എന്തെങ്കിലും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ? | (സി) | ജില്ലകളിൽ പദ്ധതിയുടെ നടത്തിപ്പിനായി മാസ്റ്റർ ട്രെയിനേഴ്സായി കേരളാ ബാങ്ക് ജില്ലാതല ഉദ്യോഗസ്ഥരെയും സഹകരണ വകുപ്പ് ഉദ്യോഗസ്ഥരെയും നിയമിച്ച് സംസ്ഥാന തലത്തിലും ജില്ലാതലത്തിലും വെബിനാറുകൾ, വർക്ക് ഷോപ്പുകൾ എന്നിവ സംഘടിപ്പിക്കുകയും സ്കീമിനെ സംബന്ധിച്ച വിശദമായ വിവരം എല്ലാ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്കും നൽകുകയും കൺസ്യൂമർ ഫെഡ്, മാർക്കറ്റ് ഫെഡ്, റബ്ബർ മാർക്ക് എന്നീ സ്ഥാപനങ്ങളുടെ പ്രതിനിധികളെ സഹകരണ വകുപ്പിന്റെ ആസ്ഥാനത്ത് നേരിട്ട് വിളിച്ച് പദ്ധതി സംബന്ധിച്ച് വിശദീകരിക്കുകയും സംഘങ്ങൾക്ക് പ്രസ്തുത സ്കീം പ്രകാരം കൂടുതൽ പ്രൊജക്ടുകൾ സമർപ്പിക്കാൻ നിർദ്ദേശം നൽകിയിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ